പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3677 20.06.2019 ൽ മറുപടി നൽകേണ്ടിയിരുന്നത്

**പെരിന്തൽമണ്ണ ജില്ലാ ആശുപത്രിയിൽ പുതിയ തസ്തികകൾ**

| ചോദ്യം<br>ശ്രീ.മഞ്ഞളാംകുഴി അലി | | ഉത്തരം<br>കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | പെരിന്തൽമണ്ണ താലൂക്ക് ആശുപത്രിയെ ജില്ലാ ആശുപത്രിയായി ഉയർത്തിയതിന് ആനുപാതികമായി ഇവിടെ പുതിയ തസ്തികകൾ അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ ആരോഗ്യവകുപ്പ് ഡയറക്ടർ സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിന്റെ നിലവിലെ സ്ഥിതി എന്താണെന്ന് വിശദമാക്കാമോ; | (എ) | പെരിന്തൽമണ്ണ താലൂക്ക് ആശുപത്രിയെ ജില്ലാ ആശുപത്രിയായി ഉയർത്തുകയും ഡോക്ടർമാർ ഉൾപ്പെടെ 9 അധിക തസ്തികകൾ സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്. തുടർന്ന് പെരിന്തൽമണ്ണ താലൂക്ക് ആശുപത്രിയിൽ കിടക്കകളുടെ എണ്ണം വർദ്ധിപ്പിച്ച് 23 അധിക തസ്തിക സൃഷ്ടിക്കുന്നതിനാവശ്യമായ പ്രൊപ്പോസൽ ആരോഗ്യ വകുപ്പ് ഡയറക്ടർ സമർപ്പിക്കുകയും ടി തസ്തികകൾ സൃഷ്ടിക്കുന്നത് വളരെയധികം സാമ്പത്തികഭാരം വരുമെന്നതിനാൽ നിരസിക്കുകയും ചെയ്തിട്ടുണ്ട്.<br><br>എന്നാൽ ആർദ്രം പദ്ധതിയിൽ താലൂക്ക് തല ആശുപത്രികളുടെ പട്ടികയിലാണ് ടി ആശുപത്രി ഉൾപ്പെടുത്തിയിട്ടുള്ളത്. ആയതിന്റെ അടിസ്ഥാനത്തിൽ ആർദ്രം പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ താഴെ പറയുന്ന തസ്തികകൾ പുതുതായി സൃഷ്ടിച്ചിട്ടുണ്ട്.<br><br>1. ജൂനിയർ കൺസൾട്ടന്റ് പി.എം.ആർ. — 1<br>2. ദന്തൽ മെക്കാനിക് ഗ്രേഡ്-2 — 1<br>3. മെഡിക്കൽ റെക്കോർഡ് ലൈബ്രേറിയൻ — 1<br>4. സ്റ്റാഫ് നേഴ്സ് — 1 |
| (ബി) | രോഗികളുടെ ബാഹുല്യവും ഡോക്ടർമാരുടെ അഭാവവും കാരണം ബുദ്ധിമുട്ടനുഭവിക്കുന്ന സാഹചര്യത്തിൽ പ്രസ്തുത ആശുപത്രിയ്ക്ക് ആവശ്യമായ തസ്തികകൾ അനുവദിച്ചു നൽകുന്നതിന് ആശുപത്രി സൂപ്രണ്ട് ഏറ്റവും ഒടുവിലായി ശിപാർശ നൽകിയതെന്നാണ്, ആയതിന്റെ അടിസ്ഥാനത്തിൽ ആരോഗ്യ വകുപ്പ് ഡയറക്ടർ സർക്കാരിന് ശിപാർശ നൽകിയതെന്നാണ്; പ്രസ്തുത പ്രൊപ്പോസലിന്റെ പകർപ്പ് ലഭ്യമാക്കുമോ? | (ബി) | ആർദ്രം പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള പെരിന്തൽമണ്ണ ജില്ല ആശുപത്രിയിൽ അധിക തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള ആരോഗ്യ വകുപ്പ് ഡയറക്ടറുടെ പ്രൊപ്പോസൽ നിലവിൽ സർക്കാരിന്റെ പരിഗണനയിൽ ഇല്ല. |

സെക്ഷൻ ഓഫീസർ